**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2766** 14.12.2015-ൽ മറുപടിയ്ക്ക്

## കുംഭാര സമുദായത്തിന് പട്ടികജാതി ആനുകൂല്യം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കുംഭാര സമുദായത്തിന് പട്ടികജാതി ആനുകൂല്യം നഷ്ടമായത് എന്നുമുതലാണ് എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ "കുംഭാര" സമുദായത്തെ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ മറ്റ് പിന്നോക്ക സമുദായ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത സമുദായത്തെ സംസ്ഥാന പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിരവധി ഹർജികളും/ നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ കിർത്താഡ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം നിരസിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത സമുദായക്കാരുടെ പട്ടികജാതി ആനുകൂല്യം പുന:സ്ഥാപിച്ചു കിട്ടുന്നത് സംബന്ധിച്ച് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | | |
| (സി) | കുംഭാര സമുദായക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ; | (സി) & (ഡി) | തൊട്ടുകൂടായ്മയുടെ പരിണിത ഫലമായി ഒരു സമുദായം അനുഭവിച്ചുവരുന്ന സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഒരു പ്രത്യേക സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തി. ഭരണഘടനയുടെ 341-ാം വകുപ്പ് വിഭാവനം ചെയ്യുന്ന പരിരക്ഷ നൽകുന്നത്. കിർത്താഡ്സ് നടത്തിയ പഠനത്തിൽ "കുംഭാര" സമുദായക്കാർ അയിത്താചരണത്തിന്റെ ഭാഗമായിട്ടുള്ള തീവ്രമായ തൊട്ടുകൂടായ്മയ്ക്ക് വിധേയരായിട്ടുള്ളവരല്ലെന്നും നിലവിലുള്ള പട്ടികജാതി വിഭാഗക്കാർ അനുഭവിച്ച് വന്നിരുന്ന സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക പിന്നോക്കാവസ്ഥ നേരിട്ടവരുമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ, നിലവിൽ മറ്റു പിന്നോക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഈ സമുദായത്തെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) | പട്ടികജാതി ആനുകൂല്യം പുന:സ്ഥാപിച്ചു നൽകുവാൻ ബന്ധപ്പെട്ട സമുദായ നേതാക്കളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ